# ചെമ്മരുതി ഗ്രാമപഞ്ചായത്ത്

**(ഐ.എസ്.ഒ 9001-2015 അംഗീകൃത സ്ഥാപനം)**

പനയറ പി.ഒ, വർക്കല, പിൻ-695145, ഫോൺ : 0470-2602377

**e-mail : chemaruthygp@gmail.com**


## *റിപ്പോർട്ട്*

ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 19-ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് ഹൗസ് എന്ന സ്ഥാപനത്തിന് 2025-26 സാമ്പത്തിക വർഷം ലൈസൻസ് നൽകാൻ കഴിയാത്ത സാഹചര്യം ചുവടെ ചേർത്തു സമർപ്പിക്കുന്നു.

1. **ശ്രീ. രാഹുൽ ജിത്ത്, സ്വസ്തി, ചാവടിമുക്ക് എന്ന വ്യക്തി ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 14/05/2025 തീയതിയിലെ HRMP No.8795/11/12/2024/TVM നമ്പർ ഹർജി.**

ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ശ്രീ. രാഹുൽ ജിത്ത്, സ്വസ്ഥി, ചാവടിമുക്ക് എന്ന വ്യക്തി സമർപ്പിച്ച 14/05/2025 തീയതിയിലെ HRMP No.8795/11/12/2024/TVM നമ്പർ ഹർജിൽ 6/03/2025 തീയതി ഇടക്കാല ഉത്തരവ് ഉണ്ടായിട്ടുള്ളതും ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഹർജിക്കാരനും മറ്റും താമസിക്കുന്ന ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡ് ബംഗ്ലാവിൽമുക്ക്-പാലനിന്നപൊയ്ക റോഡിന്റെ സമീപത്ത് സ്ഥിതി ചെയ്യുന്ന പൂർണ്ണ പ്രിന്റിംഗ് പ്രസ്സിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ പരാതിക്കാരന്റെയും പരിസരവാസികളുടെയും കിണർ ജലം മലിനമാക്കുന്നു എന്നും ആയത് കടുത്ത ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുയെന്നുമാണ് പരാതി. പ്രദേശവാസികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തണമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡും, ജില്ലാകളക്ടറും നിർദ്ദേശം കൊടുത്തിട്ടും ആയത് പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ലായെന്നും കിണർ വെള്ളം മലിനമാകുന്നതിന്റെ ഉറവിടം കണ്ടെത്താൻ വിവിധ വകുപ്പുകൾ ചേർന്ന് നടത്തിയ പരിശോധനയിൽ മലിനീകരണ നിയന്ത്രണ ബോർഡ് പങ്കെടുത്തിട്ടില്ല എന്നും പരാതിയിൽ ആരോപിക്കുന്നു.

കമ്മീഷൻ പരാതിയും റിപ്പോർട്ടും പരിശോധിക്കുകയും ഹർജിക്കാരനെ നേരിട്ട് കേൾക്കുകയും ചെയ്തു ഹർജിക്കാരനും മറ്റും താമസിക്കുന്ന പ്രദേശത്തെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടറും മലിനീകരണ നിയന്ത്രണ ബോർഡും കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ചെമ്മരുതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വീഴ്ചവരുത്തിയതായി ആരോപിക്കുന്നു. ചെമ്മരുതി ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി

ബന്ധപ്പെട്ട് ചെമ്മരുതി പഞ്ചായത്ത് 19-ാം വാർഡിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ടാങ്കർ ലോറിയിൽ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം തിരുവനന്തപുരം പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ചെമ്മരുതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകണമെന്നും ആവശ്യമെങ്കിൽ കുടിവെള്ള വിതരണത്തിന് ആവശ്യമായ ടാങ്കർ ലോറികൾ ഗ്രാമപഞ്ചായത്ത് ഒരുക്കി കൊടുക്കേണ്ടതും ഈ പ്രദേശത്തെ കിണറുകളിലെ ജലം മാലിന്യമുക്തമാക്കി ഉപയോഗയോഗ്യമാക്കുന്നതുവരെ ഇവിടെയുള്ള ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് യഥാസമങ്ങളിൽ പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ബന്ധപ്പെട്ട വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറും ഉറപ്പുവരുത്തേണ്ടതാണെന്നും ഈ പ്രദേശവാസികൾക്ക് മാലിന്യമുക്തവും ശുദ്ധവുമായ കുടിവെള്ളം വിതരണം ചെയ്യണമെന്നുള്ള തന്റെ നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വാട്ടർ അതോറിറ്റിയും കൃതിമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടറും ഉറപ്പുവരുത്തണം. കുടിവെള്ളം മാലിനമാകുന്നത് ഒരു ഗൗരവമേറിയ വിഷയമായതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം എൻവയോൺമെന്റൽ എൻജീനിയർ പരാതിയിൽ പറയുന്ന പ്രദേശത്തെ കിണറുകളിൽ നിന്നും വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് വ്യക്തവും സൂക്ഷമവുമായ പരിശോധന നടത്തി കിണർ ജലം മലിനമാകുന്നതിന്റെ കൃത്യമായ കാരണം കണ്ടെത്തണം. ജില്ലാ മെഡിക്കൽ ഓഫീസർ, ജിയോളജിസ്റ്റ്, ഭൂജല വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസർ, മണ്ണ് ഗവേഷണ കേന്ദ്രം ജില്ലാ ഓഫീസർ, കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയ അധികാരികളുമായി എൻവയോൺമെന്റൽ എഞ്ചിനീയർ കൂടിയാലോചന നടത്തി വേണം സാമ്പിൾ ശേഖരിക്കാനും പരിശോധന നടത്താനും വിദഗ്ദ്ധ പഠനത്തിന് ജിയോളജിസ്റ്റിന്റെ അഭിപ്രായം ആവശ്യപെട്ടാൽ ജിയോളജിസ്റ്റ് തന്റെ അഭിപ്രായങ്ങൾ രേഖാമൂലം നൽകണം. മേൽപ്പറഞ്ഞ എല്ലാ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന export report ഉൾപ്പെടുത്തി മലിനീകരണ നിയന്ത്രണബോർഡ് എൻവയോൺമെന്റൽ എൻജിനീയർ സമഗ്രമായ ഒരു റിപ്പോർട്ട് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർക്കും ജില്ലാ കളക്ടർക്കും നൽകണം. പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് എൻവയോൺമെന്റൽ എഞ്ചിനീയർ കമ്മീഷനും അയച്ചു തരണം. ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി ഒരു മാസത്തിനുള്ളിൽ എൻവയോൺമെന്റൽ എൻജിനീയർ മേൽപ്പറഞ്ഞ റിപ്പോർട്ട് കളക്ടർക്കും ജോയിന്റ് ഡയറക്ടർക്കും കമ്മീഷനും സമർപ്പിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് കിട്ടി കഴിഞ്ഞാൽ ജില്ലാ കളക്ടർ പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെ മേൽപ്പറഞ്ഞ എല്ലാ അധികാരികളുടെയും ഒരു സംയുക്ത മീറ്റിംഗ് വിളിച്ചുകൂട്ടി ഈ പ്രദേശത്തെ കിണറുകളിലെ വെള്ളത്തിൽ മലിനീകരണം ഇല്ലാതാക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയും അവ എത്രയും പെട്ടെന്ന് നടപ്പിലാക്കിയും ഈ പ്രദേശത്തെ കുടിവെള്ളം മലിനമാകുന്നു. എന്നുള്ള പരാതി പരിഹരിക്കേണ്ടതാണ്. ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി രണ്ടു മാസത്തിനുള്ളിൽ എല്ലാ

നടപടികളും പൂർത്തിയാക്കി സമഗ്രമായ ഒരു റിപ്പോർട്ട് ജില്ലാ കളക്ടർ കമ്മീഷനിൽ ഫയൽ ചെയ്യേണ്ടതാണ്.

പ്രിന്റിംഗ് പ്രസ്സിന് മലിനീകരണ നിയന്ത്രണ ബോർഡ് കൊടുത്തിട്ടുള്ള പ്രവർത്ത അനുമതി പത്രം 31/12/2024 ന് കാലാവധി തീരുന്നതിനാൽ അത് പുതുക്കുന്നതിനുള്ള അപേക്ഷ യൂണിറ്റ് ഉടമയിൽ നിന്നും ബോർഡ് ലഭിച്ചിരുന്നോ എന്നാണ് ലഭിച്ചത്, അനുമതി പത്രം പുതുക്കി കൊടുത്തിട്ടുണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് അത് പുതുക്കിയത് മുതലായവ വിശദീകരിച്ചുകൊണ്ട് എൻവയോൺമെന്റൽ എൻജിനീയർ ഒരു സ്റ്റേറ്റ്മെന്റ് കമ്മീഷനിൽ ഫയൽ ചെയ്യണം. കൂടാതെ പൂർണ്ണ പ്രിന്റിംഗ് പ്രസ്സിന് അനുമതിപത്രം പുതിക്കിക്കൊടുത്തതിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിൽ അവിഹിത ഇടപാടുകൾ നടന്നു വന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്താൻ കമ്മീഷൻ നിർദ്ദേശിക്കാതിരിക്കാൻ എന്തെങ്കിലും കാരണങ്ങൾ ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആ കാരണങ്ങളും എൻവയോൺമെന്റൽ എൻജിനീയർ മേൽപ്പറഞ്ഞ വിശദീകരണത്തിൽ കാണിക്കേണ്ടതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എൻജിനീയറുടെ മേൽപ്പറഞ്ഞ വിശദീകരണം മുന്നാഴ്ചക്കുള്ളിൽ കമ്മീഷൻ ഫയൽ ചെയ്യണം.

തിരുവനന്തപുരം ജില്ലാ കളക്ടറുടെയും മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എൻജിനീയറുടെയും റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം തൊട്ടടുത്ത മാസത്തെ തിരുവനന്തപുരത്ത് ആസ്ഥാന മന്ദിരത്തിൽ വച്ച് നടത്തുന്ന സിറ്റിങ്ങിൽ രാവിലെ 10 മണിക്ക് ഈ കേസ് പരിഗണിക്കുന്നതാണ്. ചെമ്മരുതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം ജില്ല എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി വർക്കല എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരും കൂടാതെ, തിരുവനന്തപുരം ജില്ലാ കളക്ടർ, പഞ്ചായത്ത് ജോയിന്റ് ഡയക്ടർ ഭൂഗർഭജല വകുപ്പ് ജില്ലാ ഓഫീസർ, മണ്ണ് ഗവേഷണ കേന്ദ്രം ജില്ലാ ഓഫീസർ എന്നിവർ ചുമതലപ്പെടുത്തുന്ന തങ്ങളുടെ കീഴിലെ ഓരോ മുതിർന്ന ഉദ്യോഗസ്ഥരും പ്രസ്തുത സിറ്റിങ്ങിൽ നേരിട്ട് ഹാജരായി വസ്തുതകൾ കമ്മീഷനെ ബോധ്യപ്പെടുത്തേണ്ടതാണ്. മേൽ പരാതി സംബന്ധിച്ച് അന്തിമ ഉത്തരവ് നാളിതുവരെ ബഹു. കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. ടി കേസ് ബഹു കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരിഗണനയിൽ ഇരിക്കുന്ന വിഷയമാണ്.

2. <u>ശ്രീ. രാഹുൽ ജിത്ത്, സ്വസ്ഥി, ചാവടിമുക്ക് എന്ന വ്യക്തി ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിച്ച ഒ.പി നം.5/2025 നമ്പർ ഹർജി.</u>

പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് ഹൗസ് എന്ന സ്ഥാപനം പൂർണ്ണമായ വേയ്സ്റ്റ് മാനേജ്മെന്റ് സംവിധാനങ്ങൾ ഇല്ലാതെ മാലിന്യങ്ങൾ പുറംതള്ളി പ്രദേശത്തെ കുടി വെള്ളം മലിനമാകുന്നു എന്ന് കാണിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ പരാതി നൽകിയിട്ടുള്ളതും

ടി ഹർജിയുടെ ഒന്നാം വിചാരണ കഴിഞ്ഞിട്ടുള്ളതും ആയത് സംബന്ധിച്ച് 05/05/2025 തീയതിയിൽ സെക്രട്ടറി മറുപടി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പരാതി ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ മുമ്പാകെ പരിഗണനയിൽ ഇരിക്കുന്നതുമാണ്. ടി ഹർജി തീർപ്പായിട്ടില്ലാത്തതാണ്.

3. ***<u>പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് ഹൗസ് എന്ന സ്ഥാപനത്തിൽ അനധികൃത നിർമ്മാണം ഉണ്ടെന്ന് കാണിച്ച് ശ്രീ. രാഹുൽ ജിത്ത് സ്വസ്തി മുട്ടപ്പലം എന്ന വ്യക്തി ചെമ്മരുതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ നൽകിയ 2025/1555-ാം നമ്പർ പരാതി</u>***

പ്രസ്തുത പരാതിയിൻമേൽ ചെമ്മരുതി ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തുകയും ടി കെട്ടിടത്തിൽ അധികനിർമ്മാണം നടത്തിയിട്ടുണ്ടെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതുമാണ്. ആയതു പ്രകാരം അധിക നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് എന്ന സ്ഥാപനത്തിന് 21/05/2025 ൽ അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ ടി കെട്ടിടം ക്രമവത്കരിക്കുന്നതിന് പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് എന്ന സ്ഥാപനം അപേക്ഷ നൽകിയിട്ടില്ലാത്തതാണ് ടി വിവരം പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് ലഭിക്കുന്നതിനുള്ള അപേക്ഷക്ക് മറുപടിയായി നൽകിയിട്ടുള്ളതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

Sreekala

SECRETARY
Chemmaruthy Grama Panchayat
Panayara. P.O.

(Seal: ചെമ്മരുതി ഗ്രാമപഞ്ചായത്ത് ... 695145 ... പനയറ പി.ഒ.)